"ഭരണഭാഷ- മാതൃഭാഷ"

ട്രെയിനിംഗ് ഡയറക്ടറുടെ കാര്യാലയം
06 FEB 2021
ചെമ്പിത്ത ബിൽ, വികാസ് ഭവൻ, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കെ.ജി.ടി.ഇ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവർ ആന്റ് ഷോർട്ട്ഹാൻഡ് യോഗ്യതയായി വരുന്ന തസ്തികകൾക്ക് സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡിൽ എൻ.സി.വി.ടി സർട്ടിഫിക്കറ്റ് നേടിയവരെ പരിഗണിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(കൈ) നം.9/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 05/02/2021

---

പരാമർശം:- 1) സ.ഉ (കൈ).49/78/എൽ&എച്ച് , തീയതി,02-05-1978

2) സ.ഉ(കൈ) നം.13/2019/തൊഴിൽ, തീയതി, 01-03-2019

3) ശ്രീമതി.സി.അമൃത ഉൾപ്പടെയുള്ളവർ ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനം.

4) ട്രെയിനിംഗ് ഡയറക്ടറുടെ 19.06.2019, 15.12.2020 എന്നീ തീയതികളിലെ ഡിടി/318/2019-എഫ്1 നമ്പർ കത്തുകൾ

JS(F?)
8/2/21

ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ പരിശീലനം നൽകി വരുന്ന സ്റ്റെനോഗ്രാഫർ ആന്റ് സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന ട്രേഡ്, പരാമർശം - 1 പ്രകാരം കെ.ജി.ടി.ഇ (ലോവർ) ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ആന്റ് ഷോർട്ട്ഹാൻഡ് കോഴ്സിന് തത്തുല്യമായി അംഗീകരിച്ചിരിക്കുന്നതുപോലെ സമാന സിലബസും കാലയളവും ഉള്ള സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡും കെ.ജി.ടി.ഇ ലോവർ (ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ആന്റ് ഷോർട്ട്ഹാൻഡ്) എന്ന കോഴ്സിന് തത്തുല്യമായി അംഗീകരിക്കണം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് കോഴിക്കോട് ഗവ.(വനിത) ഐ.ടി.ഐ.യിൽ നിന്നും സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡിൽ എൻ.സി.വി.ടി സർട്ടിഫിക്കറ്റ് ലഭിച്ചവരും ടി ട്രേഡിൽ പരിശീലനം നടത്തി വരുന്ന ട്രെയിനികളും ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി മുൻപാകെ പരാമർശം 3 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

Ph
6/2/2021

2) വ്യാവസായിക പരിശീലന വകുപ്പ്, ഈ വിഷയം ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ച് പരിശോധിക്കുകയുണ്ടായി. സ്റ്റെനോഗ്രാഫി ആൻഡ് സെക്രട്ടേറിയൽ അസിസ്റ്റന്റ് ഇംഗ്ലീഷ്, സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) എന്നീ ട്രേഡുകളിൽ ടൈപ്പ്റൈറ്റിംഗുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് വേർഡ് പ്രോസ്സസിംഗ് സ്പീഡിൽ കെ.ജി.ടി.ഇ. യേക്കാൾ മികച്ച നിലവാരം പുലർത്തുന്നു എന്നും ഈ രണ്ടു ട്രേഡിലും എൻ.സി.വി.ടി മിനിട്ടിൽ 40 വാക്കുകൾ എന്ന രീതിയിൽ വേർഡ് പ്രോസ്സസിംഗും, മിനിട്ടിൽ 80 വാക്കുകൾ എന്ന രീതിയിൽ ഷോർട്ട് ഹാൻഡ് ഡിക്റ്റേഷൻ / ട്രാൻസ്ക്രിപ്ഷൻ പരീക്ഷയും നടത്തുന്നുണ്ട് എന്നും ആയത് പാസായാൽ മാത്രമേ എൻ.സി.വി.ടി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ എന്നും ഇത് കെ.ജി.ടി.ഇ.യ്ക്ക് യഥാക്രമം മിനിട്ടിൽ 35 വാക്കുകളും 80 വാക്കുകളും ആണ് എന്നും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഒരു വർഷം കമ്പ്യൂട്ടർ ഫണ്ടമെന്റൽസ്, വേർഡ് പ്രോസ്സസിംഗ് (എം.എസ് വേർഡ്), എക്സൽ, പവർ പോയിന്റ്, ഇന്റർനെറ്റ് & ഇമെയിൽ, ഓഫീസ് മാനേജ്മെന്റ്

എന്നിവ NSQF സി.ടി.എസ് സിലബസ് പ്രകാരം ഈ ട്രെയിനികൾ പഠിക്കുകയും ആയവയുടെ എൻ.സി.വി.ടി നടത്തുന്ന തിയറി പരീക്ഷകളും പ്രാക്ടിക്കൽ പരീക്ഷകളും പാസ്സാകേണ്ടതുമുണ്ട് എന്നും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒപ്പം സ്റ്റെനോഗ്രാഫി അൻഡ് സെക്രട്ടേറിയൽ അസിസ്റ്റന്റ് ഇംഗ്ലീഷ്, സെക്രട്ടേറിയൽ പ്രാക്ടീസ് എന്നീ യോഗ്യതയുള്ളവരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കെ.ജി.ടി.ഇ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ലോവർ, കെ.ജി.ടി.ഇ ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് ലോവർ, കെ.ജി.ടി.ഇ ഇംഗ്ലീഷ് വേർഡ് പ്രോസ്സസിംഗ് എന്നീ യോഗ്യതയുള്ളവർക്ക് ഒപ്പം തന്നെ തുല്യ യോഗ്യതയായി പരിഗണിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) യോഗ്യത ഉള്ളവരെകൂടി കെ.ജി.ടി.ഇ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവർ ആന്റ് ഷോർട്ട്ഹാൻഡ് യോഗ്യതയായി വരുന്ന തസ്തികകൾക്ക് പരിഗണിക്കാവുന്നതാണെന്നും ടി സാഹചര്യത്തിൽ പരാമർശം 2 പ്രകാരമുള്ള ഉത്തരവ് സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡിലുള്ള യോഗ്യത കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്നും പരാമർശം 4 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പ് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്, ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കെ.ജി.ടി.ഇ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവർ ആന്റ് ഷോർട്ട്ഹാൻഡ് യോഗ്യതയായി വരുന്ന തസ്തികകൾക്ക് സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡിൽ എൻ.സി.വി.ടി സർട്ടിഫിക്കറ്റ് നേടിയവരെ പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നിഷ എസ്**
**അഡിഷണൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പ് (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BINDUMOL THOMAS
Date: 2021.02.03 12:48:08 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.